(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐഡി.കെ.10/1684/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തീയതി:26.12.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:-ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് -2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ -10/1684/2016

തീയതി:26.12.2016

# ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 205-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.6.2016 മുതൽ 8.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്.മുരളീദാസ് | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 8.12.2016മുതൽ 16.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബേബി സനൂജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.എസ്.രാജീവ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.ബി.ബാബുരാജ് | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | | |
|---|---|---|---|
| പ്രസിഡന്റ് | | ശ്രീ. കെ.ആർ. സോമരാജൻ | 1.4.2015മുതൽ 31.10.2015 വരെ |
| | | ഭരണ നിർവ്വഹണ സമിതി | 1.11.2015മുതൽ18.11.2015വരെ |
| | | ശ്രീമതി.ബിന്ദു സജീവ് | 19.11.2015മുതൽ31.3.2016വരെ |
| സെക്രട്ടറി | | ശ്രീ.പി.കെ.ഓമനക്കുട്ടൻ | 1.4.2015മുതൽ 31.3.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| അസി.സെക്രട്ടറി | | ശ്രീ.ഷാജു മാത്യു | 1.4.2015മുതൽ 31.3.2016വരെ |
| അസി.എഞ്ചിനീയർ | | ശ്രീ.കെ.വിജയൻ | 1.4.2015മുതൽ 31.3.2016വരെ |
| വെറ്ററിനറി സർജൻ | | ഡോ.ലിനിറ്റ മാത്യൂസ് | 1.4.2015 മുതൽ 31.3.2016വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.ഡി. മാനസ് | 1.4.2015മുതൽ 31.3.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി. ബിന്ദു.ബി.എ | 1.4.2015മുതൽ 31.12.2015വരെ |
| | | ശ്രീമതി.അലീന ജോർജ് | 1.1.2016മുതൽ 31.3.2016വരെ |
| വി.ഇ.ഓ | | ശ്രീ. ഷിബു.ടി.ആർ | 1.4.2015മുതൽ17.11.2015വരെ |
| | | ശ്രീമതി സരിത ഇബ്രാഹിം | 18.11.2015മുതൽ15.3.2016വരെ |
| | | ശ്രീ.എം.ഇ.അബ്ദുൾ റസാക്ക് | 16.3.2016മുതൽ 31.3.2016വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീമതി.ഹാജിറ ഹമീദ് | 1.4.2015 മുതൽ31.3.2016വരെ |
| മെഡിക്കൽ ഓഫീസർ | ആരോഗ്യം | ഡോ.മഹേഷ് നാരായണൻ | 1.4.2015 മുതൽ 31.3.2016വരെ |
| | ആയുർവേദം | ഡോ. സിസ് ലറ്റ് | 1.4.2015 മുതൽ 31.3.2016വരെ |
| | ഹോമിയോ | ഡോ.ആശാമോൾ | 1.4.2015 മുതൽ 31.3.2016വരെ |

| | | | |
|---|---|---|---|
| | | കെ.എൻ | |
| ഡയറി ഫാം ഇൻസ്ട്രക്ടർ | | ശ്രീമതി. ജാസ്മിൻ. സി.എ. | 1.4.2015മുതൽ 31.3.2016വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | വസ്തു നികുതിയിനത്തിൽ വൻ കുടിശിക | 2-1 |
| 14 | ഡി& ഒ ലൈസൻസ് , തൊഴിൽനികുതി ഈടാക്കുന്നില്ല | 2-2 |

| | | |
|---|---|---|
| 15 | ആരാധനാലയത്തോട് ചേർന്നുള്ള ഓഡിറ്റോറിയത്തിന് നികുതി ഒഴിവാക്കിയ നടപടി അംഗീകരിക്കുന്നില്ല | 2-3 |
| 16 | എസ്.ബി.ടി.പ്ലാൻ അക്കൗണ്ട് ക്ലോസ് ചെയ്യുന്നത് സംബന്ധിച്ച് | 2-4 |
| | ഭാഗം 3 | |
| 17 | എസ്.ടി.യുവജനങ്ങൾക്ക് ബഡ് ജാതിതൈ വിതരണം - അപാകതകൾ | 3-1 |
| 18 | സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നല്കിയത് | 3-2 |
| 19 | ഡെപ്പോസിറ്റ് വർക്ക് - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തത് | 3-3 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് | 3-4 |
| 21 | നെൽകൃഷി വികസനം- അപാകതകൾ | 3-5 |
| 22 | മീഡിയാശ്രീക്ക് തുക നല്കിയത് | 3-6 |
| 23 | തെരുവു വിളക്ക് അറ്റകുറ്റപ്പണി- അപാകത | 3-7 |
| 24 | വി.ഇ.ഒ ഫയലുകൾ ഹാജരാക്കാത്തത് | 3-8 |
| 25 | തൊഴിലുറപ്പ് പദ്ധതി- നിർമ്മാണസാമഗ്രികളുടെ വിതരണം - നികുതികൾ ഈടാക്കിയില്ല | 3-9 |
| 26 | ഇ.എം.എസ് ഭവന നിർമ്മാണം - പണിപൂർത്തീകരിച്ചില്ല | 3-10 |
| 27 | ആശ്രയ പദ്ധതി- തുക ചെലവഴിക്കുന്നില്ല | 3-11 |
| 28 | വെള്ളക്കരം ഒടുക്കുന്നത് | 3-12 |
| 29 | മരാമത്ത് പ്രവർത്തി നിർവ്വഹണം - അപാകതകൾ | 3-13 |
| 30 | അംഗൻവാടി പോഷകാഹാരം-ട്രാൻസ്പോർട്ടേഷൻ ചാർജ് നല്കിയത് | 3-14 |

| | ഭാഗം 4 | |
|---|---|---|
| 31 | സംയുക്ത പ്രോജക്ട്കൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 34 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 27.3.2015 തിയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ₹110347929/- വരവും ₹105816541/- ചെലവും പ്രതീക്ഷിക്കുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 3.6.2016 | - | - |

## 1-3 വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19503984 |

| | |
|---|---|
| വരവ് | 70851142 |
| ആകെ | 90355126 |
| ചെലവ് | 75829114 |
| നീക്കിയിരിപ്പ് | 14526012 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം )

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 76796 | 15302947 | 15379743 | 10230796 | 66.52 |
| | എസ്.സി.പി. | 1505925 | 1726000 | 3231925 | 3029925 | 93.74 |
| | ടി.എസ്.പി. | 1089008 | 5613000 | 6702008 | 6422088 | 95.82 |
| സംരക്ഷണഗ്രാന്റ് | റോഡ് | 300179 | 11008000 | 11308179 | 11263491 | 99.60 |
| | നോൺറോഡ് | 404216 | 2821000 | 3225216 | 3082725 | 95.58 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 155843 | 3936760 | 4092603 | 4092603 | 100 |
| പെർഫോമൻസ് ഗ്രാന്റ് | | 3112000 | 0 | 3112000 | 3020000 | 97.04 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 4067 | 1202841 | 1206908 | 119885 | 99.34 |
| ബി ഫണ്ട് | | 0 | 27261901 | 27261901 | 27261901 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 129 | 43656031 | 118 | 41141628 | - | 11 | 91.47 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

-ഇല്ല-

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം. 38.1ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4653242 | 2788527 | (-)1864715 | (-)40.07 |
| നികുതിയേതര വരവുകൾ | 427654 | 475321 | 47667 | (+)11.14 |
| മറ്റുവരവുകൾ | 205907 | 8437 | (-)197470 | (-)95.9 |
| ആകെ | 5286803 | 3272285 | (-) 2014518 | (-)38.1 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 169200 | 79 |
| കർഷകതൊഴിലാളി പെൻഷൻ | 2702250 | 313 |
| വിധവാപെൻഷൻ | 6284120 | 591 |
| വാർദ്ധക്യകാലപെൻഷൻ | 13446030 | 1531 |
| വികലാംഗപെൻഷൻ | 2873095 | 253 |
| 50 വയസു കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 377080 | 35 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2016ന് സ്ഥാപനത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14689/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമ പഞ്ചായത്തിലെ രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ് . ഫ്രണ്ട് ഓഫീസ് സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസമില്ലാതെ നടപടി

സ്വീകരിക്കുന്നതായി കാണുന്നു.എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.11.2016 & 21.11.2016 | 10/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.5.2010 | 2005-06 മുതൽ 2009-10 വരെ | 24.6.2010 |

## 1-12 വാർഷിക ധനകാര്യ പത്രിക-അപാകതകൾ

(1) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് -ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

(2) ജലനിധി അക്കൗണ്ടിൽ ബി-4 ഷെഡ്യൂൾ പ്രകാരം ₹4592022 ബാക്കിയുള്ളപ്പോൾ ബി-17 പ്രകാരം നീക്കിയിരിപ്പ് തുക ₹ 3291492 മാത്രമാണ്.

(3) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി കുടിശിക ഡിമാന്റും നീക്കിയിരിപ്പും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി ഇനത്തിൽ വൻ കുടിശ്ശിക

2015-16വാർഷിക ധനകാര്യപത്രിക അനുസരിച്ച് വസ്തു നികുതിയിൽ വൻകുടിശ്ശിക നിലനിൽക്കുന്നു. ധനകാര്യ പത്രികയുടെ ബി15 പട്ടികപ്രകാരം തന്നാണ്ടു കുടിശ്ശിക ₹1144723/-യും മുൻവർഷ കുടിശ്ശിക ₹1087992/-യും ഉൾപ്പടെ ആകെ ഈയിനത്തിലെ കുടിശ്ശിക ₹ 22,32,715/-യാണ്.ചില പ്രധാന കുടിശിക വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | തുക ₹ |
|---|---|---|---|
| 1 | 1/153A | സ്കറിയ,മെടയാനിയിൽ | 2168 |
| 2 | II/323 A | സന്തോഷ് സുകുമാരൻ,പറമ്പാനിക്കാട്ട് | 2715 |
| 3 | II/441 B | ഫോറസ്റ്റ് റേഞ്ച് ഓഫീസ്,ഉടുമ്പന്നൂർ | 5720 |

| | | | |
|---|---|---|---|
| 4 | II/441 C | ഫോറസ്റ്റ് റേഞ്ച് ഓഫീസ്ഗോഡൗൺ | 3200 |
| 5 | X/59 | മാത്തുക്കുട്ടി ,വട്ടക്കുന്നേൽ | 22960 |
| 6 | XII/74 | വേലായുധൻ,തട്ടാമ്പറമ്പിൽ | 3465 |
| 7 | XII/96 | വിജയൻ വിലാസിനി,വടക്കേക്കര | 2145 |
| 8 | XII/261 | കുട്ടിക്യഷ്ണൻ നായർ,കമലാലയം | 6490 |
| 9 | XIII/IB | സ്വപ്നമോൾ സജീവ്,ഇഞ്ചപ്പിള്ളിൽ | 2497 |
| 10 | XIV/295 | ഇടുക്കി ജില്ലാ സഹകരണ സംഘം | 4500 |
| 11 | XIV/327 | രാമചന്ദ്രൻ,പുത്തൻപുരയിൽ | 2442 |
| 12 | XIV/393 | അലക്സ് സെബാസ്റ്റ്യൻ, എരപ്പുഴിക്കരയിൽ | 4960 |
| 13 | XV/1B | ജെയിസൺ ജോൺ,ചാരുപറമ്പിൽ | 3333 |
| 14 | XV/90 | റിലയൻസ് ഇൻഫോ ടെക് | 10800 |
| 15 | XV/153 | വയർലെസ് റ്റി റ്റി ഇൻഫാ ലിമിറ്റഡ് | 17500 |
| 16 | XVI/302A | ബാബു തോമസ്, കൊടയ്ക്കനാൽ | 2692 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(1)-ാം വകുപ്പനുസരിച്ച് ഡിമാന്റ് ചെയ്ത നികുതി 3 വർഷത്തിനകം പിരിച്ചെടുക്കാത്തപക്ഷം കാലഹരണപ്പെടുന്നതാണ്.₹22,32,715/-കുടിശ്ശികയിൽ ഇപ്രകാരം കാലഹരണ പ്പെട്ട തുകകളും ഉൾപ്പെട്ടിട്ടുള്ളതിനാൽ നിയമപരമായ നടപടികളിലൂടെ പ്രസ്തുത തുകകൾ വസൂലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. എന്നിരുന്നാലും, ബി15(എ) പട്ടിക പ്രകാരം ₹ 4,27,460/- എഴുതി തള്ളുന്നതിനായി പ്രൊവിഷൻ വച്ചിട്ടുള്ളത് ആശാവഹമല്ല. കാലഹരണപ്പെട്ടതിലും കഴിയുന്നത്ര കുടിശികയും മേൽ പട്ടികയിൽ നൽകിയതുൾപ്പെടെയുള്ള കുടിശിക തുകകളും പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 2-2 ഡി&ഒ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല

1996 ലെ കേ.പ.രാജ് (ആപൽക്കരവും അസഹ്യവുമായ ആയ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പട്ടിക 1പ്രകാരം റേഷൻകടകളും അബ്കാരി ഷാപ്പുകളും ഡി&ഒ ലൈസൻസ് ആവശ്യമായ

സ്ഥാപനങ്ങളാണ്.എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളും അബ്കാരി ഷാപ്പുകളും ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. മാത്രമല്ല, ഈ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി ഇനങ്ങളിലും വരുമാനമൊന്നും ലഭിക്കുന്നില്ല.

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് പൂർണ്ണമല്ല. ട്രേഡേഴ്സ് ലിസ്റ്റിലുള്ള 160 സ്ഥാപനങ്ങളിൽ 149 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. സ്ഥാപന രജിസ്റ്റർ,ട്രേഡേഴ്സ് രജിസ്റ്റർ എന്നിവ കാലികമാക്കുകയും അതനുസരിച്ച് എല്ലാ സ്ഥാപനങ്ങളും ലൈസൻസ് ഫീസ്,തൊഴിൽ നികുതി എന്നിവ ഒടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-3 ആരാധനാലയത്തോട് ചേർന്നുള്ള ഓഡിറ്റോറിയത്തിന് നികുതി ഒഴിവാക്കി

2015-16ലെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ബഹു.വികാരി, സെന്റ് മേരീസ് ചർച്ച്, ചീനിക്കുഴിയുടെ പേരിലുള്ള, ആരാധനാലയത്തോട് ചേർന്നുള്ള V/117A നമ്പർ കെട്ടിടത്തിന് ₹22592/-നികുതി നിർണ്ണയിച്ചതിന് ശേഷം ഒഴിവാക്കിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ "സെന്റ് മേരീസ് ചർച്ചിനോട് ചേർന്ന് വികാരിയുടെ ഉടമസ്ഥതയിൽ ഇരിക്കുന്ന V/117A നമ്പരായി രേഖപ്പെടുത്തിയിരിക്കുന്നതും സെന്റ് മേരീസ് വിശ്വാസ പരിശീലന കേന്ദ്രം എന്ന പേരിൽ മതപഠന ക്ലാസ്സുകൾ നടത്തുന്നതുമായ ടി കെട്ടിടത്തിന്റെ കെട്ടിട നികുതി KPR 207 പ്രകാരം വസ്തുനികുതിയിൽ നിന്ന് 2014 ഏപ്രിൽ 1 മുതൽ ഒഴിവാക്കി" 14.01.2015 ലെ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചതിൻ പ്രകാരമാണ് വസ്തുനികുതിയിൽ നിന്നും പ്രസ്തുത കെട്ടിടത്തെ ഒഴിവാക്കിയത് എന്ന് മറുപടി ലഭിക്കുകയുണ്ടായി. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 207(എ) വകുപ്പ് പ്രകാരം, പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾ മതപഠന ശാലകൾ എന്നിവയെ 203-ാം വകുപ്പ് പ്രകാരം ചുമത്താവുന്ന വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ചീനിക്കുഴി സെന്റ് മേരീസ് ചർച്ചിനോട് ചേർന്ന് 706 ച.മീ വിസ്തീർണ്ണമുള്ളതും പരിഷ്കരണത്തിന് മുമ്പ് ₹3953/-നികുതി ചുമത്തിയിരുന്നതുമായ പാരിഷ് ഹാളിനെ മതപഠനശാലയുടെ ഗണത്തിൽപ്പെടുത്തി നികുതി ഒഴിവാക്കിയ നടപടി നിയമവിരുദ്ധമാണ്. ഇത് പുന:പരിശോധിക്കേണ്ടതാണ്.

## 2-4 എസ്.ബി.റ്റി പ്ലാൻ അക്കൗണ്ട് ക്ലോസ് ചെയ്യുന്നത് സംബന്ധിച്ച്

നോൺ ബാങ്കിംഗ് ട്രഷറി ഇടപാടുകൾക്കായി ആരംഭിച്ചിരുന്ന എസ്.ബി.റ്റി ഉടുമ്പന്നൂർ ശാഖയിലുള്ള 10609918040 നം.അക്കൗണ്ടിൽ 31.3.2016-ൽ ₹1194105/- (നിലവിൽ ₹1230216) നീക്കിയിരിപ്പുണ്ട്. കരിമണ്ണൂർ ട്രഷറി ബാങ്കിംഗ് ട്രഷറിയായ സാഹചര്യത്തിൽ, കാലാകാലങ്ങളിലുള്ള പലിശ വരവ് ഒഴിച്ചാൽ, പ്രസ്തുത അക്കൗണ്ടിൽ യാതൊരുവിധ പണമിടപാടുകളുമില്ല. ആയതിനാൽ, നീക്കിയിരിപ്പ് തുകകൾ ഏതേത് ഇനങ്ങളിൽ പെടുന്നു എന്ന് കണ്ടെത്തി തുകകൾ അതത് സംഗതി പോലെ തിരിച്ചടച്ച്/ക്രമീകരിച്ച്, അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന്

നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എസ്.ടി. യുവജനങ്ങൾക്ക് ബഡ് ജാതി തൈവിതരണം - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി

നിർവ്വഹണം - കൃഷി ഓഫീസർ

ബഡ് ജാതി തൈവിതരണം - എസ്.ടി. യുവജനങ്ങൾക്ക് ബഡ് ജാതി തൈ വിതരണം എന്ന പദ്ധതിയുടെ നടത്തിപ്പിൽ പലതരത്തിലുള്ള അപാകതകൾ സംഭവിച്ചിട്ടുണ്ട്.

പ്രോജക്ടിൽ ഗുണഭോക്താക്കളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.എത്ര ജാതി തൈ വാങ്ങണമെന്നോ ഒരു ഗുണഭോക്താവിന് എത്ര ജാതി തൈ നല്കണമെന്നോ വ്യക്തമാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതു സംബന്ധിച്ച പരാമർശവും ഇല്ല. കിണറ്റുകര ജാതി പ്ലാന്റേഷൻസ് & നഴ്സറി പിണ്ണാക്കനാട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ (ഒരു തൈയ്ക്ക് ₹209/-) പ്രൊക്യുർമെന്റ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഈ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രജിസ്റ്റർ പരിശോധിച്ചതിൽ ഒരു ഗുണഭോക്താവിന് ₹209/- വിലയുള്ള 9 ജാതിതൈകൾ വീതം നല്കിയിട്ടുണ്ട്. 26.4.2016 ലെ 369549-ാം നമ്പർ ഡി.ഡി.പ്രകാരം കിണറ്റുകര പ്ലാന്റേഷൻസിന് ₹338580/- നല്കിയതായി കാണുന്നു. എന്നാൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം ആകെ ₹326482/- മാത്രമേ പിൻവലിച്ചിട്ടുള്ളൂ.

| | |
|---|---|
| CB/15-16/29.1.2016 | 29616 |
| CB/15-16/29.1.2016 | 42886 |
| CB/15-16/22.3.16 | 253980 |
| ആകെ | 326482 |

പിൻവലിച്ചതിലും അധിക തുക ₹12098/-നല്കിയതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. വാർഷിക വരുമാനം ₹50000/-യിൽ കവിയാത്തവർക്കാണ് അപേക്ഷിക്കുവാൻ അർഹതയുള്ളുവെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, ₹50000/-യിൽ അധികം വരുമാനമുള്ള താഴെ പറയുന്നവർക്ക് നല്കിയ ആനുകൂല്യം ₹5643/-(9x3x209)ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| ക്രമ നം. | പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയ |
|---|---|---|

| | | വരുമാനം |
|---|---|---|
| 1 | ഇ.കെ.രാജപ്പൻ,ഇലവുംതടത്തിൽ, | 60000 |
| 2 | രജനി വിനു | 94344 |
| 3 | തങ്കമ്മ ഉറുമ്പിൽ | 84000 |

യുവജനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതിയാണെങ്കിലും 50 വയസ്സിന് മുകളിൽ പ്രായമുള്ള താഴെ പറയുന്ന വ്യക്തികൾക്കും ആനുകൂല്യം നല്കിയത് വിശദീകരിക്കേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വയസ് |
|---|---|---|
| 1 | ശേഖരൻ, തൈപ്ലാത്തോട്ടത്തിൽ, വെണ്ണിയാനി | 65 |
| 2 | ലീല ബാലചന്ദ്രൻ, വളയാറ്റിൽ,ഉപ്പുകുന്ന് | 58 |
| 3 | വി.എൻ.ബാലചന്ദ്രൻ, വളയാറ്റിൽ,ഉപ്പുകുന്ന് | 60 |
| 4 | രാമകൃഷ്ണൻ, പി.ആർ,പൊന്തപ്ലാക്കൽ, ഉപ്പുകുന്ന് | 58 |
| 5 | പത്മനാഭൻ, മുത്തനാട്ട്, ഉപ്പുകുന്ന് | 55 |
| 6 | വി.ജി.സുധാകരൻ, വെങ്ങോലയിൽ, തട്ടക്കുഴ | 53 |
| 7 | ഭാസ്കരൻ, കെ.കെ. കാവിൽമറവിൽ, മൂലക്കാട് | 58 |

കൂടാതെ, സ്ഥല ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, ജാതി , വരുമാനം, വയസു തെളിയിക്കുന്ന രേഖകൾ എന്നിവ ഉൾപ്പെടുത്താത്തവർക്കും ആനുകൂല്യം നല്കിയിരിക്കുന്നു. അപൂർണങ്ങളായ രേഖകൾ സമർപ്പിച്ചവർക്കും ആനുകൂല്യം നല്കിയതിന് വിശദീകരണം നല്കേണ്ടതാണ്.മേൽ പറഞ്ഞ അപാകതകളാൽ നിരാകരിച്ച ₹5643/-കിഴിച്ച് ₹320839/-(326482-5643)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നൽകിയത് അംഗീകരിക്കുന്നില്ല -നിരാകരണം ₹25000/-

| | |
|---|---|
| ബിൽ നമ്പർ തിയതി | തുക |
| 7/15-16/31.03.2016 | ₹250000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഓ |
| പ്രോജക്ട് നമ്പർ | 55/16 |

2015-2016 വർഷത്തിൽ വി.ഇ.ഓ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള വനിതകൾക്ക് വീട് മെയിന്റെനൻസ് എന്ന പദ്ധതിയിൽ ലീലാമ്മ തങ്കച്ചൻ, നെല്ലാപ്പറമ്പിൽ, ഉപ്പുകുന്ന് എന്ന വ്യക്തി ഗുണഭോക്താവാണ്. 01.04.2016 തിയതിയിലെ 968274 ഡി.ഡി പ്രകാരം ₹25000/-ധനസഹായമായി നൽകിയിട്ടുണ്ട്.

എന്നാൽ 2009-2010 സാമ്പത്തിക വർഷത്തിൽ ഇതേ ആൾക്ക് വീട് അനുവദിച്ച് നല്കിയിട്ടുള്ളതാണ്. 16.11.2013 തിയതിയിലെ ജി.ഒ (എം.എസ്)362/2013 തസ്വഭവ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ എന്നിരിക്കെ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നൽകിയ ₹25000/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ഡെപ്പോസിറ്റ് വർക്ക് --വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾക്കായി തുകകൾ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം കൈപ്പറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര് | ബിൽ നമ്പർ / തിയതി | തുക ₹ | റിമാർക്സ് |
|---|---|---|---|---|
| 1 | മണ്ണക്കാട് എസ്.സി കോളനി വൈദ്യുതീകരണം | 16/15-16/ 28.03.2016 18/15-16 | 1556000 710925 | എക്സി.എൻജിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ വണ്ണപ്പുറത്തിന് നൽകി |
| 2 | മണ്ണക്കാട് എസ്.സി കോളനി സ്ഥലം വില നൽകൽ | 15/15-16/ 21.10.2015 | 150000/- | -ടി- |
| 3 | ഒലിപ്പാറ – വരിക്കമറ്റം വൈദ്യുതീകരണം | 32/15-16/ 28.03.2016 33/15-16/ 28.03.2016 | 252176 96708 | എക്സി.എൻജിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ തൊടുപുഴയ്ക്ക് നൽകി |
| 4 | ഒലിപ്പാറ – വരിക്കമറ്റം വൈദ്യുതീകരണം-വൈദ്യുതി ലൈൻ സ്ഥാപിക്കൽ | 31/15-16/ 28.03.2016 | 11116 | -ടി- |

രേഖകളുടെ അഭാവത്തിൽ ₹2776925/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ചെലവ് തടസ്സപ്പെടുത്തുന്നു

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് തുകകൾ പിൻവലിച്ച് നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ₹2261642/- ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്,പ്രോജക്റ്റ് നം. | ബിൽ നമ്പർ/തിയതി | തുക ₹ | കൈപ്പറ്റിയ ആൾ |
|---|---|---|---|---|
| 1 | ഐ.എ.വൈ വിഹിതം-(റ്റി.എസ്.പി)<br>പ്രോജക്റ്റ് നം.64/16 | 10/15-16/ 14.12.2015 | 1365000 | ബി.ഡി.ഒ.<br>ഇളംദേശം ബ്ളോക്ക് പഞ്ചായത്ത് |
| 2 | ഐ.എ.വൈ വിഹിതം (ജനറൽ)<br>പ്രോജക്റ്റ് നം.34/16 | 4/15-16/25.02.2016<br>8/15-16/31.03.2016 | 299880<br>340120 | ബി.ഡി.ഒ.<br>ഇളംദേശം ബ്ളോക്ക് പഞ്ചായത്ത് |
| 3 | ഐ.എ.വൈ വിഹിതം (എസ്.സി.പി)<br>പ്രോജക്റ്റ് നം.63/16 | 6/15-16/30.09.2015 | 200000 | ബി.ഡി.ഒ.<br>ഇളംദേശം ബ്ളോക്ക് പഞ്ചായത്ത് |
| 4 | ഐ.കെ.എം അധിക വിഹിതം നൽകൽ<br>പ്രോജക്റ്റ് നം.144/16 | 37/15-16/ 31.03.2016 | 56642 | ഡയറക്ടർ<br>ഐ.കെ.എം തിരുവനന്തപുരം |
| | ആകെ | | 2261642 | |

## 3-5 <u>നെൽ കൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ- തടസ്സം ₹150000/-</u>

ബിൽ നം - CB3/15-16/16.2.20-16 150000/-

നിർവ്വഹണം - കൃഷി ഓഫീസർ

10 സെന്റിൽ കുറയാത്ത ഭൂമിയുള്ളവർക്കാണ് പദ്ധതി ആനുകൂല്യത്തിന് അർഹതയുള്ളതെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ കൈവശമുള്ള ഭൂമിയുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ ഭൂരിഭാഗം അപേക്ഷകളും 2014-15 വർഷത്തിലേതും അപൂർണങ്ങളുമായിരുന്നു. മേൽ പരാമർശിച്ച കാരണങ്ങളാൽ ₹150000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 മീഡിയാശ്രീക്ക് തുക നൽകിയത് പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ₹65000/- ന്റെ ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്ട് നം | S0015/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം | 12/ 30-12-2015 |
| ഡി.ഡി. നം | 984383/തി.30.10.1 തുക 20000<br>967261/5.1.16 തുക 45000 |

ഗ്രാമപഞ്ചായത്തിന്റെ സംസ്കാരവും ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടവും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾക്കായി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 15.12.2014 ലെ സ.ഉ (സാധാ) 3206/2014 ലെ നിർദ്ദേശാനുസരണം ₹65000/-മീഡിയാശ്രീക്ക് നല്കുന്നതിനായി ഇടുക്കി ജില്ലാ കുടുംബശ്രീ മിഷന് നൽകിയിട്ടുണ്ട്. മീഡിയാശ്രീയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് ഡോക്യുമെന്ററി പുറത്തിറക്കിയിട്ടില്ല. ആയതിനാൽ ₹65000/-ന്റെ ചെലവ് തടസ്സം ചെയ്യുന്നു. ഡോക്യുമെന്ററി അടങ്ങിയ സി.ഡി, പൂർത്തീകരണ സാക്ഷ്യപത്രം, വാല്യുവേഷൻ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്കുകൾക്ക് അറ്റപണികൾ നടത്തിയത് --അപാകതകൾ

| ബിൽ നമ്പർ തിയതി | തുക |
|---|---|
| 34/15-16/28.03.2016 | 64100 |
| പ്രോജക്ട് നമ്പർ | 70/15-16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തെരുവ് വിളക്കുകൾക്ക് അറ്റകുറ്റ കുറ്റ പണികൾ നടത്തുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ബിനു കുമാർ എൻ.പി എന്നയാളുടെ ടെണ്ടർ അംഗീകരിച്ചു. 01.01.2014 ലെസർക്കാർ ഉത്തരവ് (സാധാ) നം 2/2015 ത.സ്വ.ഭ.വ പ്രകാരം എൽ.ഇ.ഡി ഒഴികെയുള്ള തെരുവ് വിളക്ക് ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ & മെയിന്റനൻസ്,ഗ്യാരണ്ടി നൽകൽ എന്നീ ചുമതലകൾ കൊല്ലത്തുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുള്ളതാണ് എങ്കിലും ടെണ്ടർ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്.

അറ്റകുറ്റ പണികൾ നടത്തുന്നതിനായി കെ.എസ്.ഇ.ബി യുമായി പഞ്ചായത്ത് എഗ്രിമെന്റ് ചമച്ചിട്ടില്ല.

17.08.2015 ലെ ജി2-44274/2015 ഉത്തരവിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെ വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവ് വിളക്കുകൾ റിസർവ്വായി കരുതാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള stock in register ഉം stock out registerഉം റീക്കൺസൈൽ ചെയ്യുന്നുവെന്നും തെരുവ് വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച് സ.ഉ (സാധാ) നം.2134/2015 ത.സ്വ.ഭ.വ തിയതി.15.07.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

അറ്റകുറ്റപണികൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ച് എസ്റ്റിമേറ്റ് തയ്യാറക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി സംബന്ധിക്കുന്ന ഒരു രജിസ്റ്ററുകളും എഴുതി സൂക്ഷിച്ചിട്ടില്ല.അററകുറ്റ പണികൾക്കായി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല .കേടായ തെരുവ് വിളക്കുകളുടെ വിശദാംശവും ഉൾപ്പെടുത്തിയിട്ടില്ല. ലൈറ്റുകളുടെ ഗ്യാരണ്ടി പീരിയഡ്,വാർഷിക അറ്റകുറ്റ പണി എന്നിവ സംബന്ധിച്ച് കരാർ വെച്ചിട്ടില്ല. മേൽ അപാകതകളാൽ ₹64100/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ഫയലുകൾ ഹാജരാക്കിയില്ല-തടസ്സം ₹40,000/-

2015-2016 വർഷത്തിൽ വി.ഇ.ഓ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന ഫയലുകൾ ഹാജരാക്കിയില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് | ബിൽ നമ്പർ തിയതി | തുക ₹ | റിമാർക്സ് |
|---|---|---|---|
| ലക്ഷം വീട് മെയിന്റനൻസ് | 1/15-15/ 29.07.2015 | 150000 | ശ്രീ.റെജി പി.വി യ്ക്ക് ₹25000/-നൽകി |

| | | | |
|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി അധിക വിഹിതം നൽകൽ | 2/15-16/ 26.10.2015 | 15000/- | |

രേഖകളുടെ അഭാവത്തിൽ ₹40000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 തൊഴിലുറപ്പ് പദ്ധതിനിർമ്മാണസാമഗ്രികളുടെ സപ്ലൈ-നികുതികൾ ഈടാക്കിയില്ല - നഷ്ടം ₹ 3,53,291/-രൂപ

മഹാത്മാഗാന്ധി ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം 392 പ്രവൃത്തികൾക്കായി 237,31,806/-രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്.സി വിഭാഗത്തിൽ 3641 തൊഴിൽദിനങ്ങളും, എസ്.റ്റി വിഭാഗത്തിൽ 24979 തൊഴിൽ ദിനങ്ങളും പൊതു വിഭാഗത്തിൽ 52820 തൊഴിൽ ദിനങ്ങളും ഉൾപ്പെടെ ആകെ 81440 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. 2015-16-ൽ 21 പ്രവൃത്തികൾക്ക് ആവശ്യമായ നിർമ്മാണ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി സെക്രട്ടറി ടെണ്ടർ ക്ഷണിക്കുകയും ഓരോ പ്രവൃത്തികൾക്കും കുറഞ്ഞ ടെണ്ടർ സമർപ്പിച്ച 4 വ്യക്തികളുടെ ടെൻണ്ടർ അംഗികരിക്കുകയും ചെയ്തു. അതനുസരിച്ച് ശ്രീ.വി.എസ്.സുനിൽകുമാർ, വെള്ളിലാത്തിങ്കൽ എന്നയാൾക്ക് 16 പ്രവർത്തികളുടെയും ശ്രീ അബ്ദുൾകരിം മാളിയക്കൽ , ശ്രീ.പി.റ്റി.ഷിബു പുൽപ്പാറയിൽ എന്നിവർക്ക് 2 പ്രവർത്തികളുടെയും ശ്രീ ഷിബു മാത്യു ചോഴംമാക്കൽ എന്നയാൾക്ക് ഒരു പ്രവർത്തിയുടെയും ടെണ്ടർ 04-09-2015ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ടിയാളുകളുമായി കരാർ ചമച്ച് സെക്രട്ടറി സപ്ലൈ ഓർഡർ നല്കുകയും സിമന്റ്, മെറ്റൽ, എം-സാൻഡ് എന്നിവ വിവിധ പ്രവർത്തികൾക്ക് വാങ്ങി വിതരണം ചെയ്യുകയും ചെയ്തു..2015-16-ൽ 20 പ്രവൃത്തികൾക്ക് നിർമ്മാണ സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 3925213/- രൂപ വിതരണക്കാർക്ക് നല്കിയിട്ടുണ്ട്.

സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരനിൽ നിന്ന് 2003-ലെ വാറ്റ് നിയമ പ്രകാരമുള്ള ബില്ലുകൾ ഇല്ലാതെ കരാറുകാർ ആവശ്യപ്പെട്ട മുഴവൻ തുകയും സെക്രട്ടറി അംഗീകരിച്ച് നല്കിയത് ചട്ട വിരുദ്ധമാണ്. വാറ്റ് ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട തുക നഷ്ടമാകുന്നതിന് ഈ നടപടി കാരണമായിട്ടുണ്ട്. മേൽ സൂചിപ്പിച്ച സപ്ലൈകളിൽ കരാറുകാർക്ക് നല്കിയ ₹3925213/-ൽ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ₹353291/-യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ലഭിക്കേണ്ടിയിരുന്ന നികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തുക കരാറുകാരിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

കരാറുകാരൻ : സുനിൽ കുമാർ വി.എസ്സ്

| ക്രമ | ഇനം | ക്വോട്ട് ചെയ്ത | വിതരണം | ചെലവായ | ഈടാക്കേണ്ട |
|---|---|---|---|---|---|

| നം. | | അളവ് | ചെയ്ത അളവ് | തുക | നികുതി |
|---|---|---|---|---|---|
| 1 | സിമന്റ് | 160127 | 157372.16 | 1281417 | 185805(14.5%) |
| 2 | എംസാൻറ് എം3 | 312.84 | 305.76 | 804515 | 40226 (5%) |
| 3 | 40എംഎംമെറ്റൽ | 363.08 | 351.5 | 510728 | 25536(5%) |
| 4 | 20എംഎംമെറ്റൽ | 258.65 | 254.821 | 398791 | 19940(5%) |
| 5 | കല്ല് | 0.3 | 1.77 | 2145 | 107(5%) |
| 6 | സ്റ്റീൽ | 0.84 | 0.84 | 3317 | 166(5%) |
| | ആകെ | | | 3000913 | 271780 |

കരാറുകാരൻ : അബ്ദുൾകരിം

| ക്രമ നം. | ഇനം | ക്വോട്ട് ചെയ്ത അളവ് | വിതരണം ചെയ്ത അളവ് | ചെലവായ തുക | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | സിമന്റ് | 24479 | 24264.07 | 197461 | 28632(14.5%) |
| 2 | എംസാൻറ് എം3 | 47,18 | 47.18 | 124129 | 6206(5%) |
| 3 | 40എംഎംമെറ്റൽ | 55.5 | 54.37 | 79000 | 3950(5%) |
| 4 | 20എംഎംമെറ്റൽ | 41.48 | 39.35 | 61582 | 3079(5%) |
| | ആകെ | | | 462172 | 41867 |

കരാറുകാരൻ : ഷിബു പി റ്റി

| ക്രമ നം. | ഇനം | ക്വോട്ട് ചെയ്ത അളവ് | വിതരണം ചെയ്ത അളവ് | ചെലവായ തുക | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | സിമന്റ് | 12325 | 11700.3 | 95217 | 13806(14.5%) |
| 2 | എംസാൻറ് എം3 | 24.07 | 22.81 | 60013 | 3001(5%) |

| | | | | | |
|---|---|---|---|---|---|
| 3 | 40എംഎംമെറ്റൽ | 27.97 | 26.41 | 38374 | 19187(5%) |
| 4 | 20എംഎംമെറ്റൽ | 19.94 | 18.94 | 29641 | 1482 (5%) |
| | ആകെ | | | 223245 | 37476 |

കരാറുകാരൻ : ഷിബു മാത്യു

| ക്രമ നം. | ഇനം | ക്വോട്ട് ചെയ്ത അളവ് | വിതരണം ചെയ്ത അളവ് | ചെലവായ തുക | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | സിമന്റ് | 12555 | 12512.85 | 101829 | 14765(14.5%) |
| 2 | എം സാന്റ് എം3 | 24.52 | 24.42 | 64249 | 3212(5%) |
| 3 | 40എം എം മെറ്റൽ | 28.5 | 28.35 | 41192 | 2060(5%) |
| 4 | 20എം എം മെറ്റൽ | 20.25 | 20.2 | 31613 | 1581 (5%) |
| | ആകെ | | | 238883 | 21618 |

## 3-10 ഇ.എം.എസ്. ഭവന നിർമ്മാണം - പണി പൂർത്തീകരിച്ചില്ല

ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം 257 ഗുണഭോക്താക്കൾ കരാർ വച്ചതിൽ 240 ഗുണഭോക്താക്കൾ ഭവനപദ്ധതിപൂർത്തിയാക്കി ധനസഹായ തുക കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 17 ഗുണഭോക്താക്കൾ നാളിതുവരെയായും ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല. ആയതിനാൽ പണി പൂർത്തീകരിക്കുന്നതിനോ, നൽകിയ ധനസഹായം തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം. | പേര് വിവരം | കരാർ തീയതി | അനുവദിച്ച തുക ₹ | നൽകിയ തുക ₹ | റിമാർക്സ് തുക ₹ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശ്രീ. ഉലഹന്നാൻ, തണ്ടേൽ പുത്തൻപുരയിൽ | 24.06.2010 | 75000 | 22500 | | തറ പണി തീർന്നു |
| 2 | ശ്രീ. ചന്ദ്രൻ, മറ്റക്കാട്ട് | 24.06.2010 | 75000 | 67500 | | ഭിത്തി പണി തീർന്നു |
| 3 | ശ്രീ. ഷരീഫ്, പനച്ചിക്കൽ | 29.06.2010 | 75000 | 52500 | | ഭിത്തി പണി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തീർന്നു |
| 4 | ശ്രീമതി. തങ്കമണി, കൊച്ചുപറമ്പിൽ | 29.06.2010 | 75000 | 67500 | | ഭിത്തി പണി തീർന്നു |
| 5 | ശ്രീമതി. മോളി വിജയൻ, പാണ്ടിപ്ലാക്കൽ | 02.07.2010 | 75000 | 67500 | | ഭിത്തി പണി തീർന്നു |
| 6 | ശ്രീമതി. അന്നകുട്ടി, നടുപറമ്പിൽ | 07.07.2010 | 75000 | 22500 | | തറ പണി തീർന്നു |
| 7 | ശ്രീമതി. സുകന്യ, തോട്ടിക്കാട്ടിൽ | 30.08.2010 | 75000 | 67500 | | ഭിത്തി പണി തീർന്നു |
| 8 | ശ്രീമതി. കുട്ടിയമ്മ കുഞ്ഞുകുട്ടി, പാറയ്ക്കൽ | 06.09.2010 | 75000 | 52500 | | ഭിത്തി പണി തീർന്നു |
| 9 | ശ്രീമതി. ഏലിയാമ്മ, ബലിപ്പാറയിൽ | 06.09.2010 | 75000 | 67500 | | ഭിത്തി പണി തീർന്നു |
| 10 | ശ്രീമതി. ബ്രജീത്ത, ഐക്കരക്കുന്നേൽ | 22.09.2010 | 75000 | 22500 | | തറ പണി തീർന്നു |
| 11 | ശ്രീമതി. അല്ലി ശശി, നാലൊന്നടിയിൽ | 27.09.2010 | 75000 | 22500 | | തറ പണി തീർന്നു |
| 12 | ശ്രീമതി. ഷാജി സോണിയ, ഓട്ടക്കാഞ്ഞിരത്തിങ്കൽ | 29.09.2010 | 75000 | 67500 | | ഭിത്തി പണി തീർന്നു |
| 13 | ശ്രീമതി. മറിയക്കുട്ടി വർഗ്ഗീസ്, ഇല്ലിക്കുന്നേൽ | 01.10.2010 | 75000 | 67500 | | ഭിത്തി പണി തീർന്നു |
| 14 | ശ്രീമതി. തങ്കമ്മ, | 01.10.2010 | 75000 | 67500 | | ഭിത്തി പണി |

| | | | | | | |
|---|---|---|---|---|---|---|
| | മാന്തടത്തിൽ | | | | | തീർന്നു |
| 15 | ശ്രീമതി, രാധ രാജു, വഴിക്കപുത്തൻപുരയിൽ | 03.11.2010 | 75000 | 67500 | | ഭിത്തി പണി തീർന്നു |
| 16 | ശ്രീ. സുമേഷ്, കാക്കിലാനിക്കൽ | 25.07.2011 | 100000 | 70000 | | ഭിത്തി പണി തീർന്നു |
| 17 | ജോയി റ്റി.എം തയ്യിൽ പുത്തൻപുരയിൽ | 01.10.2010 | 75000 | 67500 | | |

ഭവനനിർമ്മാണ ധനസഹായം കൈപറ്റിയ ശേഷം വീട് പണി പൂർത്തിയാക്കാത്തവരിൽ നിന്നും തദ്ദേശ സ്വയം ഭരണ വകപ്പിന്റെ 19-04-2011ലെ സ.ഉ.(കൈ)/1038/11 ഉത്തരവിലെ നിർദ്ദേശാനുസരണം 12% പലിശ സഹിതം തുക ഈടാക്കേണ്ടതാണ്.

## 3-11 ആശ്രയ പദ്ധതിയിൽ തുക ചെലവഴിക്കുന്നില്ല

ആശ്രയ പദ്ധതിക്കായി നൽകുന്ന വികസന ഫണ്ട് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ യാതൊരു ചെലവും നടത്താതെ സി.ഡി.എസ്. ചെയർപേഴ്സന്റെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു. തുകയുടെ വിശദാംശം താഴെ നൽകുന്നു.

| വർഷം | നൽകിയ തുക ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| 2007-08 | 11,27,610 | 11,27,610 | 2,84,110 | 8,43,500 |
| 2014-15 | 18,50,000 | 26,93,500 | 0 | 26,93,500 |
| 2015-16 | 9,00,000 | 35,93,500 | 0 | 35,93,500 |

സി.ഡി.എസ്. ചെയർപേഴ്സന്റെ ബാങ്ക് അക്കൗണ്ടിൽ (ഉടുമ്പന്നൂർ എസ്.സി.ബി. അക്കൗണ്ട് നം. 6772) 08-12-2016 തീയതിയിൽ ചലഞ്ച് ഫണ്ട് ഉൾപ്പെടെ ₹4016069/- അവശേഷിക്കുന്നു. ആശ്രയ പോലുള്ള മേഖലകളിൽ പദ്ധതി പണം വിനിയോഗിക്കാതെ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത് തെറ്റായ നടപടിയാണ്. പദ്ധതി പണം വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച്

2011-12 വർഷം ഗ്രാമപഞ്ചായത്തിൽ 78 ടാപ്പുകൾക്ക് ₹3,500/- നിരക്കിൽ പ്രതിമാസം ₹22,750/- വീതം വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിരുന്നു. 17.11.2011-ലെ (xx) പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും തമ്മിൽ സംയുക്ത പരിശോധന നടത്തുകയും 33 ടാപ്പുകൾ പ്രവർത്തിക്കുന്നില്ല എന്ന കണ്ടെത്തുകയും ചെയ്തിരുന്നു. ആയതിൻ പ്രകാരം 33 ടാപ്പുകൾ ഒഴിവാക്കി 45 ടാപ്പുകൾക്ക് വെള്ളക്കരം നിശ്ചയിച്ച് തരണമെന്ന് കാണിച്ച് വാട്ടർ അതോറിറ്റിക്ക് നിരവധി തവണ കത്ത് നൽകിയിരുന്നുവെങ്കിലും നാളിതുവരെയായും നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് വെള്ളക്കരം അടയ്ക്കുന്നില്ല. 2014-15ലെ കുടിശ്ശിക ഉൾപ്പെടെ ₹6,18,131/- അടയ്ക്കുവാനുണ്ട്. പ്രസ്തുത വാട്ടർ അതോറിറ്റിയും പഞ്ചായത്തും തമ്മിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊണ്ട് തുക അടയ്ക്കേണ്ടതാണ്. ഇക്കാര്യം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-13 മരാമത്ത് പ്രവൃത്തി നിർവഹണം -അപാകതകൾ

6 സ്പിൽ ഓവർ ഉൾപ്പെടെ തൻവർഷം അംഗീകാരം ലഭിച്ച് നടപ്പാക്കിയ 63 പദ്ധതികളിൽ 53 മരാമത്ത് വേലകളും ഗുണഭോക്തൃ സമിതികൾ മുഖേനയാണ് നിർവഹിച്ചിട്ടുള്ളത്.എന്നാൽ ഗുണഭോക്തൃ സമിതികൾ മുഖേന നിർവഹിക്കുന്ന പദ്ധതികളിൽ നിർബന്ധമായി സൂക്ഷിക്കേണ്ട പല രേഖകളും ഫയലിൽ സൂക്ഷിച്ച് കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1)ഗുണഭോക്തൃ സമിതികളുടെ മിനിട്സ് ബുക്കുകൾ അപൂർണ്ണമാണ്.

2)ദൈനം ദിന ഡയറി സൂക്ഷിക്കുന്നില്ല.

3)വരവ് ചെലവ് കണക്ക പുസ്തകം സൂക്ഷിക്കുന്നില്ല.

4)ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് എടുത്ത് വരവ് ചെലവുകൾ ഈ അക്കൗണ്ട് വഴിയാണ് നടത്തുന്നത് എന്നതിന് രേഖകൾ ഇല്ല. (സമിതികൾ യഥാർത്ഥ ചെലവുകൾ മാത്രമാണ് കണക്കിൽ കാണിക്കുന്നത് എന്ന് ഉറപ്പ് വരുത്തുവാൻ ഇത് അത്യന്താപേക്ഷിതമാണ്)

5)ചെലവുകൾ നിർവഹണ കമ്മിറ്റി അംഗീകരിക്കുന്നില്ല.

ഇപ്രകാരമുള്ള അപാകതകൾക്ക് വിശദീകരണം നല്കുന്നതോടൊപ്പം ഭാവിയിൽ ക്രമപ്രകാരം തന്നെയാണ് പദ്ധതി നിർവഹണം നടത്തുന്നത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-14 അംഗൻവാടി പോഷകാഹാരം - ട്രാൻസ്പോർട്ടേഷൻ ചാർജ് നല്കിയത്

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ അംഗൻവാടി പോഷകാഹാരം എന്ന പദ്ധതിയിൽ ഭക്ഷ്യസാധനങ്ങൾ അംഗൻവാടിയിൽ എത്തിക്കുന്നതിന് ശ്രീ. നവാസ് ഇ. എസ് എന്ന വ്യക്തിക്ക് കിലോഗ്രാമിന് ₹2/-നിരക്കിൽ അനുവാദം നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റുവർഷം അമൃതം ന്യൂട്രിമിക്സ്,

ഉടുമ്പന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും ഭക്ഷ്യസാധനങ്ങൾ വാങ്ങിയതിന് കിലോഗ്രാമിന് ₹2/- നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് നല്കിയതായി കാണുന്നു. എന്നാൽ എല്ലാ വാങ്ങലുകൾക്കും ട്രാൻസ്പോർട്ടേഷൻ ചാർജ് നല്കിയിട്ടുമില്ല. നവാസ് ഇ.എസ് എന്ന വ്യക്തിക്ക് നല്കാതെ അമൃതം ന്യൂട്രിമിക്സിന് ട്രാൻസ്പോർട്ടേഷൻ ചാർജ് നല്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽരകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16238/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 & 2011-12 | 3-3 | 14865 | ശ്രീ. വിനയ കുമാർ, അസി.എഞ്ചിനീയർ | 11504102334/19.2.2016 |
| 2001-02 | 2-10 | 1373 | ശ്രീ.ജോണി മാത്യു, കൺവീനർ | 11504102676/2.3.2016 |
| ആകെ | | 16238 | | |

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-3 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൌച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70851142 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75829114 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 53215 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3632432 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5643 | ശ്രീമതി.ഡി.മാനസ്,കൃഷി ഓഫീസർ |
| 3-2 | | 25000 | ശ്രീ.എം.ഇ.അബ്ദുൾ റസാക്ക്, വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 320839 | ശ്രീമതി.ഡി.മാനസ്,കൃഷി ഓഫീസർ |
| 3-3 | 2776925 | ശ്രീ.പി.കെ.ഓമനക്കുട്ടൻ, സെക്രട്ടറി |
| 3-4 | 2261642 | ശ്രീ.പി.കെ.ഓമനക്കുട്ടൻ, സെക്രട്ടറി |
| 3-5 | 150000 | ശ്രീമതി.ഡി.മാനസ്,കൃഷി ഓഫീസർ |
| 3-6 | 65000 | ശ്രീ.പി.കെ.ഓമനക്കുട്ടൻ, സെക്രട്ടറി |
| 3-7 | 64000 | ശ്രീ.പി.കെ.ഓമനക്കുട്ടൻ, സെക്രട്ടറി |
| 3-8 | 40000 | ശ്രീ.ഷിബു.ടി.ആർ, വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-9 ₹353291/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഡി.മാനസ്,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>കുമാരമംഗലം കൃഷിഭവൻ. | കോക്കനാമറ്റത്തിൽ,<br>കോടിക്കുളം പി.ഒ |
| എം.ഇ.അബ്ദുൾ റസാക്ക്<br>വി.ഇ.ഒ | - | മണ്ണൻചേരിയിൽ,<br>അമ്പലപ്പടി<br>വണ്ണപ്പുറം.പി.ഒ, ഇടുക്കി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ |

| വർഷം | കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 | എൽ.എഫ്.ഐ.-7/578/03/28.2.2004 |
| 2002-03 | എൽ.എഫ്.ഐ.-7/382/04/29.1.2005 |
| 2003-04 | എൽ.എഫ്.ഐ.-8/605/04/18.9.2006 |
| 2004-05 | എൽ.എഫ്.ഐ.-8/633/07/29.11.2007 |
| 2005-06 | എൽ.എഫ്.ഐ.-8/542/08/4.3.2009 |
| 2006-07 | എൽ.എഫ്.ഐ.-8/1166/9.5.2010 |
| 2007-08 | എൽ.എഫ്.ഐ.-8/481/10/11.7.2011 |
| 2008-09 | എൽ.എഫ്.ഐ.-10/716/11/5.20124. |
| 2009-10 | എൽ.എഫ്.ഐ.-10/717/11/4.5.2012 |
| 2010-11 | എൽ.എഫ്.ഐ.-10/1075/12/8.7.2013 |
| 2011-12 | എൽ.എഫ്.ഐ.-10/1075/12/8.7.2013 |
| 2012-13 | എൽ.എഫ്.ഐ.-10/511/14/19.8.2014 |
| 2013-14 | എൽ.എഫ്.ഐ.-10/173/15/19.2.2015 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ 10/823/2016/22.6.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഐ.ഡി.കെ 10/1684/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി:26.12.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.
ഇടുക്കി

KSA-IDK-10/1684/2016

Kerala State Audit Department
District Audit Office, Idukki
Thodupuzha, Date:26.12.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of UDUMBANNOOR Grama Panchayat in Idukki District for the year ended on 31.3.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 , the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statement of UDUMBANNOOR Grama Panchayat for the year 2015-16 except observations in my Audit Report, properly presents the picture of income & expenditure.

DEPUTY DIRECTOR.
IDUKKI